**ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം-കണ്ണൂർ ജില്ല- തളിപ്പറമ്പ് നഗരസഭ- തളിപ്പറമ്പ് വില്ലേജ് -വാണിജ്യ കെട്ടിടം, സർവ്വീസ് സ്റ്റേഷൻ കെട്ടിടമായി ഒക്യുപ്പെൻസി മാറ്റി- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തളിപ്പറമ്പ് നഗരസഭ സെക്രട്ടറിയുടെ 18-07-2019-ലെ ടിപി-12794/2019 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 02-09-2019-ലെ TCPKNR/1859/2019-C നമ്പർ കത്ത്.

==========================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/2132/2019-D1 തീയതി:15/10/2019**

==========================================================================

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നഗരസഭ പരിധിയിലുള്ള തളിപ്പറമ്പ് വില്ലേജിൽ റീസർവ്വെ നമ്പർ. 53/109-ൽപ്പെട്ട 0.2145Ha സ്ഥലത്ത് നിലവിൽ വാണിജ്യ കെട്ടിടമായി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ (620.49 ച:മീ വിസ്തീർണം) Group-I(1) Hazardous occupancy ലുള്ള സർവ്വീസ് സ്റ്റേഷൻ കെട്ടിടമായി മാറ്റി ലേ ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കുന്നുംവത്ത് വടക്കേ പുരയിൽ കഞ്ഞബ്ദുള്ള, ആമിന മൻസിലിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ.1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനങ്ങൾ:-**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം -11 പ്രകാരം സ്ഥലത്തിന്റെ, ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ.1999-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. അപേക്ഷകൻ അനുബന്ധ ഏജൻസികളിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കണം.
8. കെ.എം.ബി.ആർ.1999-ലെ ചട്ടം 109A, 109B എന്നിവ പ്രകാരം ആവശ്യമായ മഴവെള്ള സംഭരണ സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതാണ്.
9. കെ.എം.ബി.ആർ.1999-ലെ ചട്ടം 59(15), (16) പ്രകാരം ദ്രവ മാലിന്യ സംസ്കരണത്തിനും മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കേണ്ടതാണ്.
10. കെ.എം.ബി.ആർ.1999-ലെ ചട്ടം 88(3) പ്രകാരം അനുബന്ധ കെട്ടിടത്തിന്റെ (ട്രാൻസ്ഫോർമർ റൂം) ഉയരം 2.5 മീറ്ററായി നിജപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 113/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)**

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ.

**ജയശ്രീ. പി.ആർ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
തളിപ്പറമ്പ് നഗരസഭ.

പകർപ്പ്:-1. ശ്രീ. കുന്നരുവത്ത് വടക്കേ പുരയിൽ കുഞ്ഞബ്ദുള്ള, ആമിന മൻസിൽ, തൃച്ചമ്പരം, തളിപ്പറമ്പ്-670141.
2. ടൗൺ പ്ലാനർ, കണ്ണൂർ.
3. വെബ് സൈറ്റ്. 4. കരുതൽ ഫയൽ. 5. അധികം.